ഡാക്ടറന്മാർ, നേഴ്സുമാർ, മിഡ്വൈഫുകൾ മുതലായവരുടെ കുറവു പരിഹരിക്കാനുള്ള നടപടികൾ

* 457. [14] ശ്രീ. എം. എം. മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) ഇപ്പോൾ സംസ്ഥാനത്തുള്ള ആസ്പത്രികളുടെയും രോഗികളുടെയും കണക്കനുസരിച്ച് ഡാക്ടറന്മാർ, നേഴ്സുമാർ, മിഡ്വൈഫുകൾ ഇവർ വേണ്ടത്ര സേവനത്തിനുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഓരോ ഇനത്തിലും എത്ര ആളുകളുടെ കുറവുണ്ട് ;

(സി) ഈ കുറവു പരിഹരിക്കാനെന്തെല്ലാം ഏർപ്പാടുകൾ ചെയ്തിട്ടുണ്ട് ; എന്നത്തേക്ക് ഈ കുറവുകൾ പരിഹരിക്കാം ?

പൊതുജനാരോഗ്യ വകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) ഇല്ല.

(ബി) ഡാക്ടർ 33 ; നേഴ്സ് 317, മിഡ്വൈഫ് 44.

(സി) 1964 ജൂലൈ മാസത്തിൽ ഹൗസ് സർജൻസി കഴിഞ്ഞു വരുന്നവരെ നിയമിച്ച് ഡാക്ടർമാരുടെ കുറവു പരിഹരിക്കാവുന്നതാണ്. കൂടുതലായി പരിശീലന കേന്ദ്രങ്ങൾ തുറന്നും, ഉള്ളവയിൽത്തന്നെ പ്രവേശന സൗകര്യം വർദ്ധിപ്പിച്ചും, പരിശീലന സൗകര്യങ്ങൾ വേണ്ടത്രയുള്ള സ്ഥാപനങ്ങൾക്ക് പരിശീലനം നടത്തുന്നതിനുള്ള അംഗീകാരം നൽകിയും നേഴ്സുമാരുടെയും, മിഡ്വൈഫുമാരുടെയും കുറവു നേരിടാൻ ശ്രമിച്ചുവരുന്നു. 1963-ൽ തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, പാലക്കാട് എന്നീ ഡിസ്ട്രിക്റ്റ് ആസ്പത്രികളോട് അനുബന്ധിച്ചു പുതിയ നേഴ്സിംഗ് സ്കൂളുകൾ തുറന്നിട്ടുണ്ട്, ആലപ്പുഴ ജില്ലാ ആശുപത്രിയോടനുബന്ധിച്ചു ഒരു പുതിയ നേഴ്സിംഗ് സ്കൂൾ ആരംഭിക്കുന്നതുണ്ട്.

മിഡ്വൈഫുമാരുടെ കുറവ് മൂന്നാം പഞ്ചവത്സര പദ്ധതിയുടെ അവസാനത്തോടുകൂടിയും, നേഴ്സുമാരുടെ കുറവു നാലാം പഞ്ചവത്സരപദ്ധതിയുടെ രണ്ടാം വർഷാവസാനത്തോടുകൂടിയും ഇന്നത്തെ തോതനുസരിച്ചു പരിഹരിക്കാമെന്നു പ്രതീക്ഷിക്കുന്നു.

ശ്രീ. പി. മാധവൻ : കണ്ണൂർജില്ലാ ഹെഡ്കാർട്ടേഴ്സ് ആശുപത്രിയോടനുബന്ധിച്ചു ഒരു നേഴ്സിംഗ് സ്കൂൾ തുടങ്ങുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അതിനു പ്രത്യേകമായി ചോദ്യം വേണം.

ശ്രീ. എം എം. മത്തായി : മിഡ്വൈഫുമാരുടെയും, നേഴ്സുമാരുടെയും കുറവു പരിഹരിക്കുന്നതിനായി പല പ്രൈവറ്റു സ്ഥാപനങ്ങളിലും നേഴ്സുമാരായും, മിഡ്വൈഫുമാരായും ജോലി നോക്കുന്നതിനുള്ള പരിശീലനം കൊടുക്കുന്നതിനു വളരെയധികം ആളുകൾക്ക് താൽക്കാലികമായി ചിലടെയിനിംഗ് കോഴ്സു നടത്തിവരുന്നുണ്ട്. പ്രശസ്തമായ നിലയിൽ നടത്തിവരുന്ന പ്രൈവറ്റു സ്ഥാപനങ്ങളിൽ കൊടുക്കുന്നടെയിനിംഗ് കോഴ്സ് അംഗീകരിക്കുന്നതിനു ഗവണ്മെന്റു നടപടിയെടുക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : പ്രൈവറ്റു സ്ഥാപനങ്ങളിൽ കോഴ്സു ആരംഭിച്ചിട്ട് അംഗീകാരത്തിനു വരികയല്ലാ വേണ്ടത്. കോഴ്സു ആരംഭിക്കുന്നതിനു മുൻപു ഗവണ്മെന്റു അംഗീകാരത്തിനു ആവശ്യപ്പെടുകയാണു വേണ്ടത്. പ്രൈവറ്റു സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന നേഴ്സുമാർക്കും, മിഡ്വൈഫുമാർക്കും അംഗീകാരം കൊടുക്കുന്നതിനുള്ള വ്യവസ്ഥ പുതിയ നേഴ്സ് ആന്റു മിഡ്വൈഫ്സ് ബില്ലിൽ ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ചാക്കോ : ഡാക്ടർമാരുടെ കുറവു് പരിഹരിക്കുന്നതിലേക്കു് സർവീസിൽനിന്നു റിട്ടയർ ചെയ്യുന്ന ഡാക്ടർമാർക്കു റീ എംപ്ലായ്മെന്റു കൊടുക്കുന്നുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അവക്കു് റീ എംപ്ലായ്മെന്റു കൊടുക്കുന്നുണ്ടു്. 62 വയസ്സുവരെ ഡാക്ടർമാക്കു് റീ എംപ്ലായ്മെന്റു കൊടുക്കുന്നുണ്ടു്.

ശ്രീ. സി. അച്യുതമേനോൻ : നേഴ്സിംഗ് സ്കൂളിലേക്കു് തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള വിദ്യാർത്ഥിനികളെ ഒന്നാമത്തെ പരീക്ഷയിൽ ജയിക്കണമെന്നും അവക്കു് രണ്ടാമത്തെ ചാൻസു് കൊടുക്കുകയില്ലെന്നും ഉള്ള സമ്പ്രദായമാണു് ഇപ്പോൾ അനുവർത്തിച്ചുവരുന്നതു്. ഇതു് ലോകത്തിൽ മറ്റൊരു സ്ഥലത്തും ഇല്ലാത്ത ഒന്നാണെന്നു തോന്നുന്നു. ഇങ്ങനെ വരികയാണെങ്കിൽ ടെയിനിംഗിന്റെ ആദ്യകൊല്ലം അവക്കു് നഷ്ടപ്പെടുകയാണു ചെയ്യുന്നതു്. ഒന്നാമത്തെ പരീക്ഷയ്ക്കു തോറ്റാൽ രണ്ടാമതും പരീക്ഷയ്ക്കു ഇരിക്കുവാൻ സൗകര്യം കിട്ടണമെന്നാവശ്യപ്പെട്ടുകൊണ്ടു് തൃശ്ശൂർ നേഴ്സിംഗ് സ്കൂളിലെ ഏതെങ്കിലും വിദ്യാർത്ഥിനികളിൽനിന്നു അപേക്ഷ ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആ സമ്പ്രദായത്തിൽ മാറ്റം വരുത്തുവാൻ നടപടിയെടുക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അവരെ തിരഞ്ഞെടുത്തു മൂന്നുമാസം കഴിയുമ്പോൾ ഒരു പരീക്ഷ നടത്തും. അതിൽ പാസ്സായില്ലെങ്കിൽ അവരെ പിരിച്ചുവിടും. അതുകൊണ്ടു് ഒരു ചാൻസുകൂടി പരീക്ഷയ്ക്കിരിക്കുവാൻ അവക്കു് കൊടുക്കണമെന്നാവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഒരു ചാൻസുകൂടി കൊടുക്കുവാൻ ഏർപ്പാടുചെയ്തിട്ടുണ്ടു്.

ശ്രീ. എം. നാരായണക്കുറുപ്പ് : ഇൻഡ്യയിൽ പല ആശുപത്രികളിലും കേരളീയരായ നേഴ്സുമാർ പ്രശസ്തമായി സേവനം അനുഷ്ഠിക്കുന്നുണ്ടെന്നു റിപ്പോർട്ടുണ്ടു്. അങ്ങനെയാണെങ്കിൽ കേരളത്തിനുമാത്രം നേഴ്സുമാരുടെ കാര്യത്തിൽ ദാരിദ്ര്യം വരുവാനുള്ള കാരണമെന്താണു് ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : മുൻകാലങ്ങളിൽ ഇവിടെ വർദ്ധിച്ചുവരുന്ന ആവശ്യത്തിനനുസരിച്ചു് നേഴ്സുമാക്കു് ടെയിനിംഗ് കൊടുക്കുവാനുള്ള സൗകര്യം ഇല്ലായിരുന്നു. അതിനുള്ള കേന്ദ്രങ്ങളും മറ്റു സ്ഥലങ്ങളിൽ കൂടുതലായി തുറന്നതിന്റെ അടിസ്ഥാനത്തിൽ ഇവിടെനിന്നു വളരെയധികം ആളുകളും ആ പ്രദേശങ്ങളിൽപോയി പരിശീലനം സമ്പാദിക്കുകയും, അവിടെ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. അതുകൊണ്ടാണു് കേരളീയരായിട്ടുള്ള നേഴ്സുമാർ മറ്റു സംസ്ഥാനങ്ങളിൽ ജോലിയിലിരിക്കുന്നതിനുള്ള സാഹചര്യം ഉണ്ടായതു്.

ശ്രീമതി കുസുമം : വളരെയധികം അഭ്യസ്തവിദ്യരായ സ്ത്രീകളുള്ള ഈ നാട്ടിൽ ആവശ്യത്തിനനുസരണമായി നേഴ്സിംഗ് പരിശീലനം സിദ്ധിച്ചിട്ടുള്ളവർ ഇല്ലെന്നുള്ളതു് നമുക്കു് ഒരു അപമാനമായതുകൊണ്ടു് വളരെയധികം ആളുകൾക്കു് ടെയിനിംഗ് കൊടുക്കുവാനുള്ള ഏർപ്പാടു ചെയ്യുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഇതിൽ അപമാനകരമായി ഒന്നുമുണ്ടെന്നു തോന്നുന്നില്ല. എല്ലാ ഹെഡ്ക്വാർട്ടേഴ്സും ആശുപത്രികളോടും അനുബന്ധിച്ചു നേഴ്സിംഗ് സ്കൂളുകൾ തുടങ്ങിയിട്ടുണ്ടു്.

പോലീസ് കോൺസ്റ്റബിൾമാർ ബൂട്ടു് ധരിക്കണമെന്ന വ്യവസ്ഥ

*458. [15] ശ്രീ. കെ നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് കോൺസ്റ്റബിൾമാക്കു ബൂട്ടു് ധരിക്കണമെന്നു് നിർബ്ബന്ധമായ ഒരു വ്യവസ്ഥയുണ്ടോ ;

(ബി) ഗ്രാമപ്രദേശങ്ങളിലുള്ള പോലീസ് സ്റ്റേഷനുകളിലെ കോൺസ്റ്റബിൾമാക്കു് യഥാർത്ഥത്തിൽ ഈ ബൂട്ടുകൾ ഒരു അസൗകര്യമല്ലേ ;

(സി) അവക്കു മറ്റു തരത്തിലുള്ള ഏതെങ്കിലും പാദരക്ഷകൾ ഉപയോഗിക്കാൻ അനുവാദം കൊടുക്കുന്നതിനെപ്പറ്റി ആലോചിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly